# ലാസർ ഉയർത്തെഴുന്നേറ്റു

**പാഠഭാഗം: യോഹന്നാൻ 11:1 –44**

**ബെ**ഥാന്യയിലെ മാർത്തയുടെയും മറിയയുടെയും സഹോദരനായിരുന്നു ലാസർ. ലാസറിന് മരിക്കത്തക്ക രോഗം വന്നു. സഹോദരിമാർ യേശുവിന്റെ അടുക്കൽ ആളയച്ചു. പക്ഷെ, യേശു അപ്പോൾ വന്നില്ല. യേശു വന്നപ്പോഴേക്കും അവനെ മരിച്ച് അടക്കിയിട്ട് നാലു ദിവസമായിരുന്നു. യേശുവിനെ കണ്ടപ്പോൾ മാർത്ത പറഞ്ഞു, "കർത്താവേ, നീ ഇവിടെയുണ്ടായിരുന്നെങ്കിൽ എന്റെ സഹോദരൻ മരിക്കയില്ലായിരുന്നു". യേശു കല്ലറയുടെ അടുത്തുവന്ന്, വാതില്ക്കൽ വെച്ച കല്ല് ഉരുട്ടി മാറ്റാൻ പറഞ്ഞു. മാർത്ത യേശുവിനോട് പറഞ്ഞു, "കർത്താവേ നാലു ദിവസമായി. നാറ്റം വെച്ചുതുടങ്ങി". യേശു പറഞ്ഞു, "വിശ്വസിച്ചാൽ നീ ദൈവത്തിന്റെ മഹത്വം കാണും". യേശു പിതാവിനോട് പ്രാർത്ഥിച്ചിട്ട്, "ലാസറേ പുറത്തുവരിക" എന്നു പറഞ്ഞു. ഉടനെ മരിച്ച് നാലു ദിവസമായിരുന്ന ലാസർ പുറത്തു വന്നു.

**ജീവന്റെമേലും മരണത്തിന്റെമേലും അധികാരം യേശുവിനാണ്.**

# Lazarus Resurrected

**Bible portion: John 11: 1-44**

**L**azarus was the brother of Martha and Mary of Bethanya. He was very seriously ill and was about to die and they send information to Jesus. But Jesus did not come then. By the time Jesus came, it was the fourth day after his burial. When Martha saw Jesus, she said. "Jesus had you been here my brother wouldn`t have died". Jesus came in front of the tomb and asked to remove the stone which covered the tomb. Martha said "Lord he has been buried since four days and it has started smelling badly". Jesus said "If you believe you`ll see the glory of God". Jesus looked up, prayed to God and said, "Lazarus, come out". The man who was dead for four days, came out alive.

**Jesus has full control over life and death.**

ചിത്രത്തിനു നിറം കൊടുക്കുക
Colour the picture



**മനഃപാഠവാക്യം** Memory Verse

**യോഹന്നാൻ 11: 25**

യേശു അവളോട് “ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും”.

**John 11: 25**

Jesus said to her. “I am the resurrection and life. He that believe in me shall live though he were dead”.



**Learn the English Alphabet**

U UNITY

